# അന്താരാഷ്ട്ര ചലച്ചിത്രമേള സമാപനം

തിരുവനന്തപുരം

18.12.2009

ചലച്ചിത്ര പ്രതിഭകളെ, പ്രതിനിധികളെ, സുഹൃത്തുക്കളേ,

കേരളത്തിന്റെ പതിനാലാമത് അന്താരാഷ്ട്ര ചലച്ചിത്രമേള വൻവിജയ മാക്കിയ നിങ്ങൾക്കേവർക്കും എന്റെ അഭിവാദ്യങ്ങൾ. ഈ മേളയിൽ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ച് സമ്മാനിതമായ സിനിമകളുടെ സൃഷ്ടാക്കളെ ഞാൻ ഹാർദമായി അഭിനന്ദിക്കുന്നു.

കഴിഞ്ഞ ഒരാഴ്ചയായി തിരുവനന്തപുരം സാക്ഷ്യം വഹിച്ചത് സാർവ ദേശീയമായ ഒരു സാംസ്കാരിക സംഗമത്തിനാണ്. വിവിധ രാജ്യങ്ങ ളിലെ, വിവിധ ഭാഷകളിലെ മികച്ച ചലച്ചിത്രങ്ങളാണിവിടെ പ്രദർശി പ്പിച്ചത്. ആ സിനിമകളുടെ സ്രഷ്ടാക്കളും വിദേശത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നുമുള്ള അതിഥികളും പ്രതിനിധികളുമെല്ലാമായി പതിനായിരത്തോളംപേരാണിവിടെ ഒത്തുചേർന്നത്.

കല വ്യക്തിജീവിതത്തിലെയും സാമൂഹ്യജീവിതത്തിലെയും പ്രശ്നങ്ങളി ലാണിടപെടുന്നത്. ജീവിതത്തിലെ പ്രശ്നങ്ങളും ധർമസങ്കടങ്ങളുമാണ് കലയിൽ, സിനിമയിൽ പ്രതിഫലിപ്പിക്കുന്നത്. അതുകൊണ്ട് സിനിമ കാണുന്നതും അതേക്കുറിച്ച് ചർച്ചനടത്തുന്നതും ജീവിതത്തെക്കുറിച്ചുള്ള പരിശോധനതന്നെയാണ്. വ്യക്തിജീവിതത്തെയും സാമൂഹ്യജീവിത ത്തെയും പരിസ്ഥിതിയെയുംകുറിച്ചുള്ളതും അതുകൊണ്ടുതന്നെ രാഷ്ട്രീയമായ ചർച്ചതന്നെയുമാണ് ചലച്ചിത്ര ചർച്ച. ഓരോ നാട്ടിലെയും

സമകാലീന ചിന്തയും രാഷ്ട്രീയ-സാമൂഹ്യപ്രശ്നങ്ങളുമാണ് അതത് നാട്ടിലെ സിനിമ ഏറെക്കുറെ പ്രതിനിധാനം ചെയ്യുന്നത്. അതുപോലെ അതതുനാട്ടിലെ ആവിഷ്ക്കരണരംഗത്തെ പുതുമകളും സാങ്കേതിക മികവുമെല്ലാം ആ സിനിമകൾ പ്രതിനിധാനം ചെയ്യുന്നു. അതുകൊണ്ട് കാഴ്ചയുടെ ഈ ഉത്സവം മനസ്സിന്റെ ചക്രവാളത്തെ അനന്തമാക്കുന്നു.

സങ്കുചിതത്വത്തിൽനിന്നുള്ള മോചനം, സാർവദേശീയ ബോധം, സ്വയം നവീകരണം, നിസ്വാർത്ഥത, സാമൂഹ്യപ്രതിബദ്ധത, കലാപരമായ പുതിയ മുന്നേറ്റം - ഇതിനെല്ലാമുള്ള പ്രേരണയും ഊർജവുമാണ് ഇത്തരം ചലച്ചിത്രമേളകളിൽനിന്ന് ലഭിച്ചേക്കാവുന്നത്. ആ അർഥത്തിൽ ഈ മേളയും ഒരളവോളമെങ്കിലും പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കാം. ഇതോടെ പതിനാല് വർഷം പിന്നിടുന്ന കേരളത്തിലെ അന്താരാഷ്ട്ര ചലച്ചിത്രമേള കേരളത്തിലെ പ്രധാനപ്പെട്ട സാംസ്കാരിക സംഭവമായി മാറിയിട്ടുണ്ട്. പങ്കാളിത്തത്തിൽ ഓരോ കൊല്ലവുമുണ്ടാകുന്ന വർധന യാണ് അതിന് കാരണം. സംസ്ഥാനത്താകെ ചലച്ചിത്ര അവബോധ ത്തിൽ വലിയ നവീകരണമുണ്ടാക്കുന്നുവെന്നതാണ് പ്രധാനം. ഇത്തരം കേന്ദ്രീകൃത മേളകളിലെത്താൻ കഴിയാത്ത പതിനായിരക്കണക്കിന് ആസ്വാദകർ നമ്മുടെ നാട്ടിലുണ്ട്. ലോകസിനിമയുടെ നവീനമുഖം അവരെ പരിചയപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ സംവിധാന മുണ്ടാക്കാൻ കഴിയണം. ഏതാനും വർഷങ്ങളായി ക്ഷീണിച്ചുകിടക്കുന്ന ഫിലിം സൊസൈറ്റി പ്രസ്ഥാനത്തെ വീണ്ടും സജീവമാക്കുന്നതിലും ചലച്ചിത്ര അക്കാദമിക്ക് സഹായം നൽകാൻ കഴിയും. പോരായ്മകൾ പരിഹരിച്ച് ഓരോ വർഷവും കൂടുതൽ കൂടുതൽ ശക്തമായിത്തീരട്ടേ നമ്മുടെ ചലച്ചിത്രോത്സവം എന്ന് ആശംസിച്ചുകൊണ്ടും ഇവിടെ സന്നിഹിതരായ ചലച്ചിത്രപ്രതിഭകളെയും ആസ്വാദകരെയും അഭിവാദ്യം ചെയ്തുകൊണ്ടും നിർത്തുന്നു.

നന്ദി, നമസ്ക്കാരം...